(ബി) ജലസ്രോതസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നദികളിൽ അണക്കെട്ടുകളും തടയണകളും മറ്റ് അനുബന്ധ പണികളും ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ ഭാവിയിൽ ഉണ്ടാകാവുന്ന ജലത്തിന്റെ ഉപയോഗത്തെപ്പറ്റി തീരുമാനിക്കുന്നതിലേക്കായി ലോകബാങ്കിന്റെ സഹായത്തോടുകൂടി അവശ്യവിവരങ്ങൾ സംഭരിക്കുന്നതിലേക്കായി "ഹൈഡ്രോളജി പ്രോജക്ട്" എന്ന പദ്ധതി പുരോഗതിയിലാണ്. ലോകബാങ്ക് സഹായത്തോടെ നാല് വടക്കൻ ജില്ലകളിൽ നടത്തുവാനുദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജലസ്രോതസുകൾ സംരക്ഷിക്കുവാനുള്ള വിപുലമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ

14 (*43) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ദാസൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൈനീസ് സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച് ചൈനീസ് ഗവൺമെന്റുമായി കരാറുണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ ഏജൻസികൾ എന്നിവ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ചൈനയുടെ സാങ്കേതിക സഹകരണത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 18 ചെറുകിട പദ്ധതികളിൽ 4 എണ്ണം പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അവയുടെ ഡിസൈൻ ആന്റ് ഡ്രോയിംഗും യന്ത്രസാമഗ്രികൾ വാങ്ങുന്നതും സ്ഥാപിക്കുന്നതും സംബന്ധിച്ചുള്ള കരാറുകളും വൈദ്യുതിബോർഡും ചൈനയിലെ എച്ച്.ഐ.സി./ഐ. എൻ. എസ്. എച്ച്. പി. യും 3-4-2000-ൽ ഒപ്പുവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പൈലറ്റ് പദ്ധതികളായി തിരഞ്ഞെടുത്ത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു.

1. ചെമ്പുകടവ് - 1 ന്റെ ടെണ്ടർ വിളിക്കുകയും നിർമ്മാണോദ്ഘാടനം 10-6-2000- ൽ കഴിയുകയും ചെയ്തു.
2. ഉറുമി - 1 ന്റെ ദർഘാസ് ക്ഷണിച്ചു കഴിഞ്ഞു.
3. ചെമ്പുകടവ് - 2 ┐ സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക്
4. ഉറുമി - 2 ┘ ദർഘാസുകൾ ക്ഷണിക്കുന്നതാണ്

ബാക്കിയുള്ള 14 പദ്ധതികൾക്കായുള്ള എഞ്ചിനീയറിംഗ് ഡിസൈനും ഓൺസൈറ്റ് കൺസൾട്ടേഷനും ഉള്ള കരാർ 2000 ഏപ്രിലിൽ ഒപ്പ് വച്ചു.

(ബി) ചെമ്പുകടവ്-1 ന്റെ നിർമ്മാണ ഉദ്ഘാടനം 10-6-2000-ൽ കഴിഞ്ഞു.

ഉറുമി -1 ന്റെ പ്രികാളിഫിക്കേഷൻ ദർഘാസ് 19-7-2000-ൽ തുറക്കുവാൻ തക്കവിധം ക്ഷണിച്ചിരിക്കുന്നു. ചെമ്പുകടവ് -2 ന്റേയും ഉറുമി-2 ന്റേയും സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് ദർഘാസുകൾ ക്ഷണിക്കുന്നതാണ്.

മറ്റ് 14 പദ്ധതികളുടെ ഡിസൈൻ ഫൈനലൈസ് ചെയ്യുന്ന മുറയ്ക്കും സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്കും ദർഘാസുകൾ ക്ഷണിക്കുന്നതാണ്.

(സി) ചൈനീസ് ഗവൺമെന്റ് അംഗീകൃത യു.എൻ. പിന്തുണയുള്ള ഏജൻസിയായ എച്ച്.ഐ.ജി./ഐ.എൻ.എസ്.എച്ച്.പി.യുമായി 4 പൈലറ്റ് പദ്ധതിൾക്കുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതും സ്ഥാപിക്കുന്നതും സംബന്ധിച്ച് 3-4-2000-ൽ കരാർ ഒപ്പ് വച്ചു. അവയ്ക്കെല്ലാം കൂടി ആകെ തുക 4263000 യു.എസ്. ഡോളറാണ്.

(ഡി) ഉണ്ട്.

സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മണിയാർ (12 മെ.വാ/35 മി.യൂ) കാർബോറാണ്ടം യൂണിവേഴ്സൽ എന്ന കമ്പനിയാണ് ഏറ്റെടുത്തു നടത്തുന്നത്. 4-6-95-ൽ കമ്മിഷൻ ചെയ്തു.
2. കൂത്തുങ്കൽ (21 മെ.വാ./79 മി.യൂ) മെസ്സേഴ്സ് ഇൻഡ്യിൽ ഇലക്ട്രോ സ്മെൽസ്റ്റ് ലിമിറ്റഡ്, കോയമ്പത്തൂർ എന്ന കമ്പനിയാണ് ഏറ്റെടുത്തു നടത്തുന്നത്.
3. ഭൂതത്താൻകെട്ട് (16 മെ.വാ./61.5 മി.യൂ.)
   മെസ്സേഴ്സ് ബിൽക്കാൻ മെറ്റലർജിക് ലിമിറ്റഡ് കോയമ്പത്തൂർ എന്ന കമ്പനിയാണ് ഏറ്റെടുത്ത് നടത്തുന്നത്.
4. ഉള്ളുങ്കൽ (7 മെ.വാ./34.1 മി.യൂ)
   മെസ്സേഴ്സ് ടെക്കിൽ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ്, ചിങ്ങവനം എന്ന കമ്പനിയാണ് ഏറ്റെടുത്തു നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

5. കാരിക്കയം (15 മെ.വാ./72.7 മി.യൂ) മെസ്സേഴ്സ് ടെക്കിൽ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ്, ചിങ്ങവനം എന്ന കമ്പനിയാണ് ഏറ്റെടുത്തു നടത്തുന്നത്.

ജില്ലാപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.	അരിപ്പാറ (3 മെ.വാ.)	-	കോഴിക്കോട് ജില്ലാ പഞ്ചായത്ത്.
2.	അടിയൻപാറ (2.5 മെ.വാ.)	-	മലപ്പുറം "
3	കല്ലാർ (1 മെ.വാ.)	-	കണ്ണൂർ "
4.	മീൻവള്ളം (3 മെ.വാ.)	-	പാലക്കാട് "

തൊഴിൽ നയം

15 (*44) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റിന്റെ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഈ ഗവൺമെന്റ് ഒരു തൊഴിൽ അജണ്ടയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) തൊഴിലാളി സംഘടനകളുമായി ആലോചിട്ടാണോ ഈ അജണ്ടയ്ക്ക് രൂപം നൽകിയത് എന്നറിയിക്കുമോ ;

(ഇ) തൊഴിൽ നയത്തിന് പകരം തൊഴിൽ അജണ്ട മതിയാകുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല.

(ബി) സർക്കാരിന് ഒരു തൊഴിൽ നയമുണ്ട്. ആയത് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) അതെ.

(ഇ) ഇല്ല.

സ്പോട്ട് ബില്ലിംഗ് വ്യാപകമാക്കാൻ നടപടി

16 (*45) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly